**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **08-10-2021 - ൽ മറുപടിയ്ക്ക്**

**താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി കായിക യുവജനകാര്യാലയം സമർപ്പിച്ച ഡി.പി.ആർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതാണെന്ന നിബന്ധനയോടുകൂടിയും സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവഹണ ഏജൻസിയാക്കികൊണ്ടും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിൽ 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ വിശദമായ ഡി.പി.ആർ പരിശോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുകയും പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട്, വെറ്റഡ് ഡ്രോയിങ്, പ്രവർത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോർവെൽ സംവിധാനം എന്നിവ പരിഗണിക്കുന്നതിനും മുമ്പായി സ്ഥലത്തെ ഓപ്പൺ വെല്ലിന്റെ സാധ്യത പരിശോധിക്കുന്നതിനും കൂടാതെ കളിസ്ഥലത്തെ ജലസ്രോതസ്സ് ഐഡൻൻഡിഫിക്കേഷൻ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട്, വെറ്റഡ് ഡ്രോയിങ്ങ്, കളിസ്ഥലത്തെ ജലസ്രോതസ്സ് ഐഡൻറിഫിക്കേഷൻ നടത്തിയ റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | സ്പോർട്സ് എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി കായിക യുവജനകാര്യാലയം സമർപ്പിച്ച ഡി.പി.ആർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതാണെന്ന നിബന്ധനയോടുകൂടിയും സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവഹണ ഏജൻസിയാക്കികൊണ്ടും തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിൽ 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ വിശദമായ ഡി.പി.ആർ പരിശോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുകയും പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട്, വെറ്റഡ് ഡ്രോയിങ്, പ്രവർത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോർവെൽ സംവിധാനം എന്നിവ പരിഗണിക്കുന്നതിനും മുമ്പായി സ്ഥലത്തെ ഓപ്പൺ വെല്ലിന്റെ സാധ്യത പരിശോധിക്കുന്നതിനും കൂടാതെ കളിസ്ഥലത്തെ ജലസ്രോതസ്സ് ഐഡൻഡിഫിക്കേഷൻ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട്, വെറ്റഡ് ഡ്രോയിങ്ങ്, കളിസ്ഥലത്തെ ജലസ്രോതസ്സ് ഐഡൻറിഫിക്കേഷൻ നടത്തിയ റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ